I/94212/2023

**തദ്ദേശസ്വയംഭരണ വകുപ്പ്- പ്ലാനിംഗ്**

**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**

**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവന ന്തപുരം - തിരുവനന്തപുരം നഗരസഭ, തിരുവല്ലം വില്ലേജിൽ - പെട്രോൾ പമ്പിൻറെ നിർമ്മാണം - കെട്ടിടത്തിൻറെ കൺകറൻസും, ലേ-ഔട്ട് അംഗീകാരവും നൽകി ഉത്തരവാകുന്നു.

പരാമർശം Sri Lali P, Dr. Anulekh Babu, Dr. Dhanya Dinesh എന്നിവർ ഒപ്പുവച്ച പ്ലാനുകളും അപേക്ഷയും ഉള്ളടക്കങ്ങളും ചേർത്ത്- ഈകാര്യാലയത്തിൽ Smt. Rajani S.S സമർപ്പിച്ച 22.09.2022 ലെ അപേക്ഷയും ഉള്ളടക്കവും, 26/04/2023 -ലെ കത്തും.

**ഉത്തരവ് നമ്പർ: TCPTVM/1272/2022-D തീയതി29-05-2023**

തിരുവനന്തപുരം നഗരസഭയിലെ തിരുവല്ലം വില്ലേജിൽ റീസർവ്വേ നമ്പർ 587/14, 587/23 എന്നിവയിൽ ഉൾപ്പെട്ട 23.83 ആർ സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന 289.00 ച:മീ ആകെ വിസ്തീർണ്ണമുള്ള (കനോപ്പി ഏരിയ - 250.00 ച.മീ സെയി ൽസ് ഓഫീസ് - 30.00 ച.മീ, ടോയിലറ്റ് ബ്ലോക്ക് - 9.00 ച.മീ ) പെട്രോൾ പമ്പിൻറെ ലേ-ഔട്ട് അപ്രൂവലിനായി Sri Lali P, Dr. Anulekh Babu, Dr. Dhanya Dinesh എന്നിവർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ G.O.(P).22/2023/LSGD Dated 04/04/2023 പ്രകാരമുള്ള KVAD സ്കീമിൻറെ "variation" ഉത്തരവിലെ സോണിംഗ് റഗുലേഷൻ അനുസരിച്ച് "fuel filling station" 40% കവറേജോടു കൂടിയും Kerala conservation of paddy land and wet land Act, 2008 ലെ വ്യവസ്ഥകൾക്ക് വിധേയമായി ആവശ്യമായ കൺകറൻസ് അനുമതിയും, KMBR 2019 ലെ ചട്ടം 30 പ്രകാരം ആവശ്യമായ ലേ ഔട്ട് അംഗീകാരവും നല്കി ഇതിനാൽ ഉത്തരവാകുന്നു. Sri Lali P, Dr. Anulekh Babu, Dr. Dhanya Dinesh എന്നിവർ ഒപ്പുവച്ച പ്ലാനുകളും അപേക്ഷയും ഉള്ളടക്കങ്ങളും ചേർത്ത് ഈകാര്യാലയത്തിൽ Smt. Rajani S.S ആണ് സൂചന പ്രകാരം ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. എന്നാൽ കെട്ടിട നിർമാണച്ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പെർഫോമയിലും പ്ലാനുകളിലും ഒപ്പ് വച്ചിട്ടുള്ളത് സ്ഥല ഉടമസ്ഥരായ Sri Lali P, Dr. Anulekh Babu, Dr. Dhanya Dinesh എന്നിവർ ആയതിനാൽ **ഈ ലെ ഔട്ട് അംഗീകാരം നൽകിയിട്ടുള്ളത് Sri Lali P, Dr. Anulekh Babu, Dr. Dhanya Dinesh എന്നിവർക്കാണ്.**

**നിബന്ധനകൾ**

1. കേരളം മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ 2019 (കെ.എം.ബി.ആർ-2019), ചട്ടം 5 (6) (1) (a), (b) എന്നിവ പ്രകാരം ഉള്ള ഘടകങ്ങൾ മാത്രം

പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം കെ.എം.ബി.ആർ-2019നും നാളിതുവരെയുള്ള ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തിയിരിക്കണം.

2. നിർമ്മാണസ്ഥലത്തിൻറെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ലന്നും ഉറപ്പുവരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

3. പ്രസ്തുത സ്ഥലത്ത് ലഭ്യമായ സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ ജലനിർഗമനത്തിനു തടസം സൃഷ്ടിക്കാതെ പരിപാലിക്കണം. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേ ജിനുള്ള നിയമാനുസൃത സൗകര്യം നല്കിയിരി യ്ക്കണം.

4. KMBR- 2019 ചട്ടം 5(4) പ്രകാരം നിഷ്കർഷിക്കുന്ന (Pollution control board, Fire, National Highway Authority, District Collector തുടങ്ങിയ ഏജൻസികളിൽ നിന്ന്) ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

5. KMBR -2019 ചട്ടം 10 പ്രകാരം പ്രസ്തുത സ്ഥലത്തു Earth work നടത്തുന്ന പക്ഷം ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആവശ്യമാകുന്ന പക്ഷം ബന്ധപ്പെട്ട അധികാരികളിൽനിന്നും NOC ലഭ്യമാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്

6. KMBR 2019 ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിൻറെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേ ണ്ടതാണ്.

7. KMBR 2019 ചട്ടം 29(12) പ്രകാരം ഇലക്ട്രിക് വാഹനങ്ങൾക്കുള്ള charging facility നൽകേണ്ടതാണ്.

8. നിർമ്മാണം KMBR 2019 ചട്ടം 79, 79A എന്നിവയ്ക്ക് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി

ഉറപ്പുവരുത്തണം

9. KMBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിന് ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.

10. നിർദ്ദിഷ്ടനിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ/സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിയ്ക്കരുത് .

11. പ്രസ്തുത നിർമ്മാണം KMBR – 2019 ചട്ടം 47 ന് വിധേയമായിരിക്കണം

12. G.O.(P).22/2023/LSGD Dated 04/04/2023 പ്രകാരമുള്ള KVAD സ്കീമിൻറെ "variation" ഉത്തരവിലെ "zoning and reservation (8.1) & (8.4) പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

13 പ്രസ്തുത ഫ്യൂവൽ സ്റ്റേഷൻ ദേശീയ പാതയോടു ചേർന്ന് വരുന്നതിനാൽ ദേശീയ പാത അതോറിറ്റിയുടെ അനുമതി / നിരാക്ഷേപക പത്രം ലഭ്യമാക്കിയിരി ക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്ന തിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**16 /2023 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഉള്ളടക്കം ചെയ്യുന്നു.**

**RAJESH T N**

**TOWN PLANNER**

Signed by
Rajesh T N
Date: 29-05-2023 18:28:33

ഉള്ളടക്കം: മേൽപ്രസ്താവിതം

സ്വീകർത്താവ്

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

പകർപ്പ്: അപേക്ഷകൻ,(അറിവിലേയ്ക്കായി)

1) Sri Lali P, Dr. Anulekh Babu, Dr. Dhanya Dinesh
Lekshmi Nivas, Vayamuttam, Pachalloor p.o.
Thiruvananthapuram 695027,

2) കരുതൽ ഫയൽ,

3) ഫയൽ